**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 31** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നവകേരള സദസ്സ് സംഘടിപ്പിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത സദസ്സ് ഓരോ നിയോജകമണ്ഡലത്തിലും ഏതൊക്കെ ദിവസങ്ങളിലാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ; വിവിധ വിഷയങ്ങളിൻമേൽ എത്ര പരാതികളും അപേക്ഷകളുമാണ് പ്രസ്തുത സദസ്സിൽ ലഭ്യമായതെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും സമൂഹത്തിൻറെ ചിന്താഗതികൾ അടുത്തറിഞ്ഞ് നവകേരള സൃഷ്ടിക്ക് ഉതകുന്ന നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനുമായാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുഴുവൻ മന്ത്രിമാരും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഇതിന്റെ ഭാഗമായി പര്യടനം നടത്തി. മണ്ഡലം അടിസ്ഥാനത്തിൽ സംഘടിപ്പിച്ച പ്രഭാതയോഗങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമസ്ത മേഖലകളിലെയും പ്രമുഖരുമായി ആശയവിനിമയം നടത്തി. സ്വാതന്ത്ര്യ സമരസേനാനികളും സാഹിത്യനായകൻമാരും നിയമജ്ഞരും കലാ-കായിക താരങ്ങളും കർഷകരും തൊഴിലാളികളും തദ്ദേശീയ ജനതയുടെ പ്രതിനിധികളും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ജനങ്ങളുടെ വിവിധങ്ങളായ നിർദ്ദേശങ്ങളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും സദസ്സ് വേദിയായി. നാടിന്റെ ആവശ്യങ്ങളും സർക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമെല്ലാം ചർച്ച ചെയ്യുന്നതിനുള്ള ഉപാധി കൂടിയായിരുന്നു ഈ പരിപാടി. ഇതിലൂടെ ജനാധിപത്യ ഭരണ നിർവ്വഹണ ചരിത്രത്തിലെ അത്യപൂർവ്വദ്ധ്യായമായി നവകേരള സദസ്സ് മാറി. ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾക്കും ജനാധിപത്യവും മതനിരപേക്ഷതയും സംരക്ഷിക്കുന്നതിനുള്ള പോരാട്ടങ്ങൾക്കും ജനപിന്തുണ ആർജ്ജിക്കാനും അതിന് കരുത്ത് പകരാൻ നവകേരളസദസ്സിലൂടെ കഴിഞ്ഞിട്ടുണ്ട്. നാടിന്റെ പുരോഗതിക്കായി കൂടുതൽ ഊർജ്ജത്തോടെ മുന്നോട്ട് പോകാനുള്ള പ്രചോദനം പകരുന്നതുകൂടിയായിരുന്നു നവകേരളസദസ്സ്. |

| | | | |
|---|---|---|---|
| | | | 6.42,070 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ചില പരാതികൾ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ടവയാണ്. ഇവ അതത് വകുപ്പുകൾക്ക് നടപടികൾക്കായി പ്രത്യേകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ ഇനിയും വർദ്ധനവ് വരും. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന-ജില്ലാ തലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതായും ഫലപ്രദമായും തീർപ്പ കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലൊ, ഉത്തരവുകളിലൊ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നവകേരള സദസ്സിൽ ലഭ്യമായ അപേക്ഷകളിന്മേൽ നാളിതുവരെ തീർപ്പാക്കിയിട്ടുള്ള ഉണഭോക്താക്കളുടെ പട്ടികയും സംക്ഷിപ്ത വിവരവും വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ; | (ബി) | വിവരം ക്രോഡീകരിച്ചിട്ടില്ല |
| (സി) | പ്രസ്തുത പരിപാടി സംഘടിപ്പിച്ച വകയിൽ സ്റ്റേജ്, ഭക്ഷണം, വാഹനം, യാത്രാബത്ത, അലങ്കാരം, പരസ്യം എന്നീ ഇനത്തിൽ എത്ര രൂപ ചെലവായി എന്നതിന്റെ കണക്കുകൾ സർക്കാരിന്റെ പക്കൽ ലഭ്യമാണോ; എങ്കിൽ ആയതിന്റെ വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ; | (സി) | വിവരം ക്രോഡീകരിച്ചിട്ടില്ല |
| (ഡി) | നവകേരള സദസ്സ് സംഘടിപ്പിച്ചതിന് ചെലവായ തുക സർക്കാർ ഖജനാവിൽ നിന്നും നൽകിയതാണോയെന്ന് അറിയിക്കാമോ; പ്രസ്തുത തുക മറ്റ് വിധത്തിൽ കണ്ടെത്തിയതാണെങ്കിൽ ആരിൽ നിന്നെല്ലാമാണ് ലഭ്യമായതെന്നും പ്രസ്തുത തുക പിരിക്കുന്നതിനും ചെലവാക്കുന്നതിനുമുള്ള ചുമതല ആരുടെതായിരുന്നുവെന്നും വ്യക്തമാക്കാമോ? | (ഡി) | വിവരം ക്രോഡീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ